പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7654

15-07-14 – ൽ മറുപടിയ്ക്ക്

**<u>മൺസൂൺകാല ട്രോളിംഗ് നിരോധനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ:<br>ശ്രീ.കെ.സുരേഷ് കുറുപ്പ്:<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.എ.എം.ആരിഫ്:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മൺസൂൺകാല ട്രോളിംഗ് നിരോധനത്തിന്റെ കാലാവധി നീട്ടുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | ഇല്ല. |
| ബി) | കടലിൽ നിന്നുള്ള മത്സ്യലഭ്യത ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഉടൻ തീരുമാനം എടുക്കുമോ; | ബി) | മത്സ്യമേഖലയിലെ വിവിധ വിഭാഗം പ്രതിനിധികളുമായി ചർച്ച ചെയ്ത് ഒരു സമവായത്തിലൂടെ മാത്രമെ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. |
| സി) | യന്ത്രവൽകൃത ബോട്ടുകൾക്ക് മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയത് ഏത് കാലം മുതലായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിനുശേഷമുള്ള കാലയളവിൽ മത്സ്യലഭ്യതയിൽ വർദ്ധനയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) | 1988 മുതലാണ് യന്ത്രവൽകൃത ബോട്ടുകളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത്. ട്രോളിംഗ് നിരോധനം ആരംഭിച്ചതിനുശേഷം 1988 മുതൽ 2000 വരെയുള്ള കണക്കനുസരിച്ച് പ്രകടമായ മത്സ്യ ഉൽപാദന വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. 2008-09 വർഷം വരെ മത്സ്യസമ്പത്തിന്റെ ലഭ്യത കൂടിയും കുറഞ്ഞും രേഖപ്പെടുത്തിയിട്ടുണ്ട്. 2009-10 മുതൽ മത്സ്യസമ്പത്ത് ചെറിയ തോതിൽ കുറഞ്ഞുവരുന്നതായും എന്നാൽ സംസ്ഥാനത്ത് കടലിൽ നിന്നും ലഭിക്കുന്ന മത്സ്യത്തിന്റെ അളവിൽ 2013-ൽ മുൻവർഷത്തെ അപേക്ഷിച്ച് 20%വും 2011 നെ അപേക്ഷിച്ച് 10%വും കുറവ് കാണുന്നു. എന്നാൽ 2009, 2010 എന്നീ വർഷങ്ങളിലെ ലഭ്യതയുമായി താരതമ്യം ചെയ്യുമ്പോൾ 2013 ലെ ലഭ്യത യഥാക്രമം 30% ഉം 10% ഉം അധികമാണ്. |

Jayasree

**സെക്ഷൻ ഓഫീസർ**